"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി - സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി, അളവ് രേഖപ്പെടുത്തൽ എന്നിവയ്ക്കുള്ള അധികാര പരിധി നിശ്ചയിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.414/2023/LSGD    തീയതി,തിരുവനന്തപുരം, 16-02-2023

പരാമർശം:-

1. സ.ഉ.(സാധാ) നം.2688/2015/ത.സ്വ.ഭ. തീയതി 04.09.2015
2. 08.12.2022-ൽ ചേർന്ന അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ 27-ാമത് സംസ്ഥാന കൗൺസിൽ യോഗത്തിലെ തീരുമാനം നം.7
3. എൽ.എസ്.ജി.ഡി.(അർബൻ) ഡയറക്ടറുടെ 28.01.2023-ലെ ഡി.യു.എ./5125/2022-ഡി.സി.3 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക അനുമതി നൽകൽ, അളവ് രേഖപ്പെടുത്തൽ എന്നിവയ്ക്കുള്ള അധികാര പരിധി നിശ്ചയിച്ചിട്ടുള്ള പരാമർശം (1) ഉത്തരവ് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്ക് കൂടി ബാധകമാക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുള്ളതിനാൽ ആയത് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് എൽ.എസ്.ജി.ഡി.(അർബൻ) ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക അനുമതി നൽകൽ, അളവ് രേഖപ്പെടുത്തൽ എന്നിവയ്ക്കുള്ള അധികാര പരിധി നിശ്ചയിച്ചിരിക്കുന്ന പരാമർശം (1) ഉത്തരവ് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്ക് കൂടി ബാധകമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, എൽ.എസ്.ജി.ഡി.(അർബൻ)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി/മേയർമാർക്കും (എൽ.എസ്.ജി.ഡി.(അർബൻ) ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കൗൺസിൽ സെക്രട്ടറി/ചെയർപേഴ്സൺമാർക്കും (എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 17-02-2023 11:28:21

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്